ഖുത്ബ
25.6.2004
ബൈത്തുൽ ഇസ്‌ലാം പള്ളി
ഒന്റാറിയോ, കാനഡ

بسم الله الرحمن الرحيم

# യാത്രയിലെ ഏറ്റവും നല്ല പാഥേയം തഖ്‌വ അഥവാ ഭയഭക്തിയാണ്.

വിവിധ ഉദ്ദേശ്യങ്ങൾക്കായി മനുഷ്യൻ യാത്ര ചെയ്യാറുണ്ട്. ഇക്കാലത്ത് യാത്രചെയ്യാനുള്ള ഒരു പാട് എളുപ്പമാർഗ്ഗങ്ങളും സൗകര്യമായി ലഭിച്ചിട്ടുണ്ട്. ഈ എളുപ്പമാർഗ്ഗം കാരണത്താൽ ദൂരവും കുറഞ്ഞിട്ടുണ്ട്. ഈ സൗകര്യങ്ങളും, ദൂരം ചുരുങ്ങിയതും കാരണത്താൽ മിക്കവരും തങ്ങളുടെ നിത്യവൃത്തിക്കുവേണ്ടി മിക്കപ്പോഴും യാത്ര ചെയ്യുന്നവരാണ്. മുമ്പേ ഇരുപത് ഇരുപത്തഞ്ച് മൈൽ യാത്രയായിക്കരുതിയെങ്കിൽ ഇപ്പോഴത് യാത്രയായി കാണുന്നില്ല. ഹ്രസ്വമായ ഉദ്ദേശ്യത്തിനുവേണ്ടി ചെയ്യുന്ന ഈ യാത്ര അത് തൊഴിൽ പരമായാലും, ബന്ധുക്കളെ സന്ദർശിക്കുന്നതിനായാലും, വിദ്യാഭ്യാസത്തിനായാലും, അല്ലാഹുവിന്റെ സൃഷ്ടികളെക്കുറിച്ച് ഗവേഷണം നടത്തുന്നതിനായാലും, മതപരമായ ഉദ്ദേശ്യങ്ങൾക്കായാലും, ഏതുദ്ദേശ്യമായാലും ശരി ഈ യാത്രകളിൽ എത്ര നിർബന്ധിതനായാലും സത്യവിശ്വാസിക്ക് തഖ്‌വയില്ലാത്ത ഒരവസ്ഥ ഉണ്ടാകരുത്. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കാത്ത ഒരവസ്ഥ ഉണ്ടാകരുത്.

ഇവിടിരിക്കുന്ന നിങ്ങളിലധികവും നിർബന്ധിതരായിക്കൊണ്ടാണ് പാക്കിസ്ഥാനിൽനിന്ന് ഹിജ്റ ചെയ്തു വന്നിട്ടുള്ളത്. വൻ തുക ചെലവഴിച്ചുകൊണ്ട്, ഒരു വിധത്തിൽപ്പറഞ്ഞാൽ ഭൗതികമായ എല്ലാ ബന്ധങ്ങളും തൃണവൽഗണിച്ചുകൊണ്ട് ഇവിടെവന്ന് താമസിച്ചു. ഇവിടെ വന്നുടനെ ഒരുപാട് ബുദ്ധിമുട്ടുകൾ സഹിക്കേണ്ടി വന്നവരുമുണ്ട്. എന്നാൽ, പിന്നീട് അല്ലാഹു അവരുടെ അവസ്ഥ ഉത്തമമാക്കിത്തീർത്തു. ഇവിടത്തെ സർക്കാരിന്റെ ഔദാര്യം കൊണ്ട് ഇവിടെ തൊഴിലെടുക്കാൻ അനുവാദം കിട്ടിയവരുമുണ്ട്. എന്തായാലും ഈ യാത്ര അധികമാളുകൾക്കും വിജയത്തിനുകാരണമായിത്തീർന്നിരിക്കുന്നു. നിങ്ങളുടെ കേസ് വിജയിക്കുന്നതിനുമുമ്പേ, നിങ്ങൾ ഏതുരീതിയിൽ നിങ്ങളുടെ ഹൃദയത്തെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ നമ്രമാക്കിവെച്ചുവോ, അവനോട് സഹായം ചോദിച്ചുകൊണ്ടിരുന്നുവോ, സ്വയം പ്രാർത്ഥനയിൽ മുഴുകുകയും മറ്റുള്ളവരോട് പ്രാർത്ഥിക്കാൻ പറയുകയും ചെയ്തുവോ, ഒരു വേദനയും ഉത്സാഹവും നിങ്ങളുടെ ഹൃദയത്തിൽ ഉണ്ടായിക്കൊണ്ടിരുന്നുവോ അല്ലാഹുവിനോടുള്ള ഭയം ഹൃദയത്തിലുണ്ടായിരുന്നുവോ അതേ രീതിയിൽ ഇപ്പോഴും ഭയവും തഖ്‌വയും ഹൃദയങ്ങളിൽ നിലനില്ക്കേണ്ടതാണ്; അല്ലാഹു തആല ഒരുപാട് ഒരുപാട് സൗകര്യങ്ങൾ കൊണ്ട് നിങ്ങളെ അനുഗ്രഹിച്ചിട്ടുള്ള സ്ഥിതിക്ക്. ഇവിടെ വന്നതിനുശേഷവും തൊഴിൽപരമായ കാര്യങ്ങൾക്കായി വിവിധ യാത്രകൾ നിങ്ങൾക്കു ചെയ്യേണ്ടതായിവരുന്നു. അതുകൊണ്ട്, നിങ്ങൾക്കു ലഭിച്ചിട്ടുള്ള ഈ ഭൗതികമായ സൗകര്യങ്ങളും എളുപ്പമായ മാർഗ്ഗങ്ങളും നിങ്ങളെ തഖ്‌വയിൽ നിന്ന് അകറ്റാതിരിക്കാൻ നിങ്ങൾ എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. ഈ വിചാരത്തോടുകൂടി ജീവിക്കുകയാണെങ്കിൽ തഖ്‌വയിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ട്, അല്ലാഹുവിന്റെ സാമീപ്യം പ്രാപിച്ചുകൊണ്ട് മതപരവും ഭൗതികവുമായ രംഗങ്ങളിൽ മുന്നോട്ടു ഗമിക്കുന്നതാണ് ഇൻശാഅല്ലാഹ്. അതുകൊണ്ട് എപ്പോഴും തഖ്‌വയിൽ നിലകൊള്ളുക. ഇല്ലെങ്കിൽ, അനുഗ്രഹങ്ങൾ നല്കിയ അല്ലാഹുവിന് അതു തിരിച്ചെടുക്കാനും കഴിവുണ്ടെന്ന കാര്യം ഓർക്കുക. മതപരമായ കാര്യങ്ങൾക്കുവേണ്ടിയും യാത്രചെയ്യുന്നു എന്ന പ്രത്യേകത അഹ്മദികൾക്ക് എപ്പോഴും ഉണ്ടായിട്ടുണ്ട്. ഇത് അവരെ മറ്റുള്ളവരിൽ നിന്ന് വേർതിരിച്ചുനിറുത്തിയിട്ടുമുണ്ട്. ഇജ്തിമാഇനും, ജൽസയ്ക്കുമെല്ലാം പ്രത്യേക തയ്യാറെടുപ്പോടുകൂടി പൊതുവെ അഹ്മദികൾ അത്യുത്സാഹത്തോടെ വരാറുണ്ട്. ഇന്ന് നിങ്ങളിലെ ഒരു വലിയ വിഭാഗം ഇതേ നിയ്യത്തോടുകൂടിയാണ് യാത്രചെയ്ത് ഇവിടെ വന്നിട്ടുള്ളത്. കുറച്ചാളുകൾ വന്നുകൊണ്ടിരിക്കുന്നുമുണ്ട്. കാനഡയിലെ വിവിധ സ്ഥലങ്ങളിൽ നിന്നും അമേരിക്കയിൽ നിന്നും കാനഡയിൽ നടക്കുന്ന ഈ വാർഷിക ജൽസയിൽ പങ്കെടുക്കാൻ എത്തിക്കൊണ്ടിരിക്കുന്നു. ഈ യാത്ര, അല്ലാഹുവിനുവേണ്ടി മാത്രം ആയിരിക്കേണ്ടതാണ്. തഖ്‌വ എപ്പോഴും മുൻപന്തിയിലുണ്ടായിരിക്കേണ്ടതാണ്. ഇവിടെ വന്നിട്ട് നിങ്ങളുടെ ഹൃദയങ്ങളെ ജൽസ കൊണ്ട് വൃത്തിയാക്കണം. എല്ലാതരം വഴക്കുകളിൽ നിന്നും കലഹങ്ങളിൽനിന്നും ലഹളകളിൽനിന്നും രക്ഷപ്പെടേണ്ടതാണ്. ഈ യാത്രയിൽ എല്ലാത്തരം ചീത്ത സംസാരങ്ങളിൽനിന്നും പിന്മാറുമ്പോഴാണ് ജൽസയ്ക്കുവേണ്ടിയുള്ള ഈ യാത്ര തഖ്‌വയിൽ

നിന്നുകൊണ്ടുള്ള യാത്രയായി പരിഗണിക്കപ്പെടുന്നത്. അതിഥിയും ആതിഥേയനും നിസ്സാരകാര്യങ്ങളിൽ നിയന്ത്രണം വിട്ടുപോകുന്നവരും ആരെയും പരിഹസിക്കുന്നവരും അധിക്ഷേപിക്കുന്നവരും ജനങ്ങളെ പരിഹസിക്കുന്ന മജ്‌ലിസുകളിൽ ഇരിക്കുന്നവരും നിരർത്ഥകമായ കഥകൾ പറഞ്ഞ് സമയം കളയുന്നവരുടെ കൂട്ടത്തിൽ ഇരിക്കുന്നവരും അർദ്ധരാത്രി വരെ മജ്‌ലിസും കൂടിയിരുന്ന് വാചകമടിക്കുകയും സുബ്ഹിക്കു കണ്ണുപോലും തുറക്കാൻ പറ്റാത്ത അവസ്ഥയിലായിത്തീരുകയും ചെയ്യുന്നവരെ പ്പോലെയാകാൻ പാടില്ല. അല്ലെങ്കിലും അനാവശ്യമായ മജ്‌ലിസുകൾ ഹൃദയങ്ങളെ തുരുമ്പു പിടിപ്പിക്കുന്നതാണ്. അത്തരം മജ്‌ലിസുകളിൽ പങ്കെടുക്കരുതെന്നു മാത്രമല്ല, അത്തരം മജ്‌ലിസുകൾ സംഘടിപ്പിക്കുന്ന അഹ്മദികളെ കാര്യങ്ങൾ പറഞ്ഞ് ബോധവാന്മാരാക്കി അതിൽനിന്ന് പിന്തിരിപ്പിക്കുവാൻ ശ്രമിക്കേണ്ടതുമാണ്. കാരണം ഇതെല്ലാം അല്ലാഹുവിനെ ആരാധിക്കുന്നതിൽനിന്ന് നിങ്ങളെ തടയുന്നതാണ്. അങ്ങനെ ഹൃദയം തഖ്‌വയില്ലാത്തതാകും. അത് ഒരഹ്മദിക്കും ഒരിക്കലും സഹിക്കാൻ പറ്റുന്ന കാര്യമല്ല. ഓർമ്മിക്കുക, മനുഷ്യനിൽ തഖ്‌വയില്ലാതാകുകയും അല്ലാഹുവിൽനിന്നകലുകയും ചെയ്യുമ്പോൾ ഭൗതിക ബന്ധം നിലനില്ക്കുമെന്ന് കരുതേണ്ട. ഭൗതികമായ ബന്ധങ്ങളിലും കലഹങ്ങൾ ഉണ്ടാകാൻ തുടങ്ങും. അങ്ങിനെ ഭൗതികമായ ബന്ധങ്ങളും പൊട്ടിപ്പോകാൻ തുടങ്ങും. അനിശ്ചിതത്വം നിലനില്ക്കും. അതുകൊണ്ട് അല്ലാഹുവിന്റെ പേരിൽ ചെയ്യുന്ന യാത്ര പ്രത്യേകിച്ചും കൂടുതൽ തഖ്‌വ ശ്രദ്ധിച്ചുകൊണ്ട് ചെയ്യേണ്ടതാണ്. ഏറ്റവും നല്ല പാഥേയം തഖ്‌വ തന്നെയാണെന്ന് അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത്.

'ഫ ഇന്ന ഖയ്റസ്സാദിത്തഖ്‌വ'

ഏറ്റവും നല്ല പാഥേയം, കരുതൽ വിഭവം തഖ്‌വ (ദൈവഭക്തി) യാകുന്നു. (2:198)

ഇതിന്റെയർത്ഥം ഹജ്ജ് തീർത്ഥാടനത്തിനു പോകുന്നവരുടെ മാത്രം കരുതൽ വിഭവം തഖ്‌വയാണെന്നല്ല. മറിച്ച് നിങ്ങളുടെ ഏതു യാത്രയാണെങ്കിലും, പ്രത്യേകിച്ച് അല്ലാഹുവിന്റെ പ്രീതികാംക്ഷിച്ചുകൊണ്ടുള്ള യാത്രയിൽ തഖ്‌വ കൂടുതലായി ശ്രദ്ധിക്കുക എന്നാണ്. ഇതിൽ നിങ്ങൾ നിലനില്ക്കുകയാണെങ്കിൽ, നിങ്ങളുടെ വ്യക്തിഗതമായ പരിഷ്ക്കരണത്തിനുള്ള അവസരം കിട്ടുകയും അങ്ങനെ നിങ്ങൾ അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നവരായിത്തീരുകയും ചെയ്യും. അല്ലാഹുവുമായിട്ടുള്ള നിങ്ങളുടെ ആത്മാർത്ഥ ബന്ധം വർദ്ധിക്കും. അവന്റെ ജ്ഞാനം അധികമധികമായികിട്ടുകയും അങ്ങനെ അല്ലാഹുവിന്റെ സൃഷ്ടികളായ മനുഷ്യരോടുള്ള സ്നേഹം വർദ്ധിക്കുകയും ചെയ്യും. ഈ സംഗതികളൊക്കെ ഉണ്ടായിക്കഴിഞ്ഞാൽ നിങ്ങളുടെ സമൂഹം തീർച്ചയായും ഉത്തമമായ സമൂഹമെന്ന് പറയാൻ അർഹമായിത്തീരും. ലോകത്ത് വഴക്കും കലഹവും ലഹളയും വർദ്ധിക്കുന്നത് ഒരാൾ മറ്റൊരാളുടെ മേൽ മാത്രം വിശ്വാസമർപ്പിക്കുമ്പോഴാണെന്ന കാര്യം ഓർക്കുക. അല്ലാഹുവിൽ നിന്ന് പ്രതീക്ഷിക്കേണ്ടതിനുപകരം മനുഷ്യരിൽ നിന്ന് കൂടുതൽ പ്രതീക്ഷിക്കുന്നു. ഈ ചിന്താഗതിയോടെ ഏതെങ്കിലും വീട്ടിൽ അതിഥിയായിപ്പോകുമ്പോൾ അതിഥികളിലും ആതിഥേയരിലും ദുർഭാവനകൾ ഉണ്ടായിക്കൊണ്ടിരിക്കും. പിണക്കം ഉണ്ടായിക്കൊണ്ടിരിക്കും. നമ്മുടെ സമൂഹത്തിൽ ചിലയാളുകൾക്ക് ഇത് കൂടുതലായി അനുഭവപ്പെടുകയും മനസ്സിൽ വിരോധം പോറ്റിവളർത്തിക്കൊണ്ടിരിക്കുകയും ചെയ്യും. ഇതിനെല്ലാം കാരണം തഖ്‌വയുടെ കുറവാണ്. ഇതല്ലാതെ മറ്റൊന്നുമല്ല. ബുദ്ധിമാന്മാരായ ചിലയാളുകൾ ചെറിയ തമ്പുകളടിച്ച് തങ്ങൾക്ക് താമസിക്കാനുള്ള സൗകര്യമുണ്ടാക്കുന്നു. അവർ ചെയ്യുന്നത് നല്ലതാണ്. (എനിക്കറിയില്ല ഇവിടെ ഈ ഏർപ്പാട് ചെയ്തിട്ടുണ്ടോ എന്ന്) കഴിവുള്ളവരാകട്ടെ തങ്ങളുടെ സാർത്ഥവാഹക സംഘവുമായിവരുന്നു. ഇതു നല്ലകാര്യമാണ്. സ്വതന്ത്രമായി അവർ താമസിക്കുന്നു. തമ്പടിക്കുന്നതിനും സാർത്ഥവാഹക സംഘത്തിനും സ്ഥലം നല്കേണ്ട ഏർപ്പാടുണ്ടാക്കുക മാത്രമാണ് സംഘാടകർ ചെയ്യേണ്ടത്. അതവരുടെ കടമയുമാണ്; അവർ ആഗ്രഹിക്കുന്നെങ്കിൽ സ്ഥലം കൊടുക്കുക. യൂറോപ്പിൽ ഇതിപ്പോൾ സർവ്വസാധാരണമായിട്ടുണ്ട്. ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ലങ്കർ ഈ ദിനങ്ങളിൽ പ്രവർത്തിക്കുന്നതുകൊണ്ട് ഭക്ഷണം പ്രശ്നമല്ല. ഈ ദിനങ്ങളിൽ അതിഥികളെ പ്രത്യേകമായ നിലയിൽ ഗൗനിക്കേണ്ടത് സംഘാടകരുടെ നിർബന്ധ കടമയുമാണ്; ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അതിഥികൾ ആയിക്കൊണ്ടാണ് ഇവർ വരുന്നത്.

യാത്രയെക്കുറിച്ചാണ് ഞാൻ പറഞ്ഞുവന്നത്. യാത്ര അതെന്തായാലും യാത്ര തന്നെയാണ്. അതുകൊണ്ട്, എത്ര നല്ല ഒരുക്കങ്ങൾ നടത്തി യാത്ര പുറപ്പെട്ടാലും ചിലപ്പോൾ ചില ബുദ്ധിമുട്ടുകൾ ഉണ്ടാകാനിടയുണ്ട്. അതുകൊണ്ട് യാത്രക്കാർ, യാത്ര സുഗമമായിരിക്കുന്നതിനുവേണ്ടി എപ്പോഴും അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്; സുഖകരമായ നിലയിൽ യാത്ര ചെയ്യുന്നതിനു വേണ്ടി. ഒരു നിവേദനത്തിൽ വന്നിട്ടുണ്ട്, ഹസ്റത്ത് അനസ് (റ) നിവേദനം ചെയ്യുന്നു. ഒരാൾ നബി (സ) യുടെ അടുത്തുവന്ന്, "അല്ലാഹുവിന്റെ റസൂലേ! ഞാൻ യാത്ര പുറപ്പെടാൻ ആഗ്രഹിക്കുന്നു, എനിക്ക് വഴിച്ചെലവ് തന്നാലും" എന്നു പറഞ്ഞു. അതു കേട്ടപ്പോൾ നബി (സ) പറഞ്ഞു: "അല്ലാഹു തആല നിനക്ക് തഖ്‌വയുടെ വഴിച്ചെലവ് നല്കുമാറാകട്ടെ." അല്ലാഹുവിന്റെ റസൂലേ, എനിക്ക് വേണ്ടി ഇനിയും അങ്ങ് പ്രാർത്ഥിച്ചാലും എന്നയാൾ പറഞ്ഞു. നബി (സ) പറഞ്ഞു: അല്ലാഹു നിന്റെ പാപങ്ങൾ പൊറു

ത്തുതരുമാറാകട്ടെ. അയാൾ പറഞ്ഞു: എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് തെണ്ടമായിരിക്കട്ടെ. ഇനിയും അങ്ങ് എനിക്കുവേണ്ടി പ്രാർത്ഥിച്ചാലും. നബി (സ) പറഞ്ഞു: നിങ്ങളെവിടെയായിരുന്നാലും അല്ലാഹു നിങ്ങൾക്ക് നന്മ എളുപ്പമാക്കിത്തരുമാറാകട്ടെ.

ആ സ്വഹാബി നബി (സ) യിൽനിന്ന് എന്തെന്തെല്ലാം അടങ്ങിയ ദുആയാണ് നേടിയതെന്ന് നോക്കുക. യാത്രയിൽ എപ്പോഴും തനിക്ക് അല്ലാഹുവിന്റെ അനുഗ്രഹവും നന്മയും കിട്ടിക്കൊണ്ടിരിക്കണം. ഇതു കിട്ടിക്കൊണ്ടിരുന്നാൽ തഖ്‌വയിൽ നടക്കുന്നത് തനിക്ക് എളുപ്പമായിരിക്കും. തന്റെ മനസ്സിൽ ദൈവഭയവും നിലനില്ക്കും. ഇതു നിലനിന്നാൽ പാപങ്ങളിൽ നിന്നും മനുഷ്യൻ രക്ഷപ്പെടും.

അതുകൊണ്ട് യാത്രയിൽ പ്രത്യേകമായും ദുആ ചെയ്യേണ്ടതാണ്. അല്ലാഹുവേ, തഖ്‌വയും ഞങ്ങൾക്ക് ലഭിക്കുന്നത് നിന്റെ ഫള്‌ലുകൊണ്ടാണ്. അതിനാൽ എപ്പോഴും നിന്റെ ഫള്‌ല് ചൊരിയേണമേ. മറ്റുള്ളവരിൽ വിശ്വാസമർപ്പിച്ചുകൊണ്ട്, മനസ്സിൽ പരാതിയുണ്ടാകാനിടവരുന്ന അവസ്ഥ നീ എനിക്ക് ഉണ്ടാക്കരുതേ. അങ്ങനെ തഖ്‌വയിൽ നിന്ന് അകന്നുപോകുന്നവനുമാക്കരുതേ. അതുകൊണ്ട് നിന്നിൽ നിന്ന് തന്നെ എല്ലാ നന്മയും എനിക്ക് ലഭ്യമാക്കേണമേ.

ഇത്തരം ദുആ ഹസ്റത്ത് മൂസാ (അ) യും അല്ലാഹുവിനോട് ചെയ്തിരുന്നു.

റബ്ബി ഇന്നീ ലിമാ അൻസൽത്ത ഇലയ്യ മിൻ ഖയ്‌രിൻ ഫഖീർ

എന്റെ നാഥാ! ഞാൻ യാത്രക്കാരനാണ്. നീ എനിക്ക് ഇറക്കിത്തരുന്ന ഗുണകരമായ ഏതൊന്നിനും ഞാൻ ആവശ്യക്കാരനാണ്. ഞാൻ ആവശ്യക്കാരനായിരിക്കാൻ ആഗ്രഹിക്കുന്നു. നിന്നെ കൂടാതെ ഒരു ചുവടുപോലും വയ്ക്കാൻ എനിയ്ക്കു കഴിയില്ല. (28:25)

ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനിയുടെയടുക്കൽ ഒരാൾ വന്നു. എന്നിട്ടു പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ, ഞാൻ യാത്ര ചെയ്യാനുദ്ദേശിക്കുന്നു. അതുകൊണ്ട് എന്നെ അങ്ങ് ഉപദേശിച്ചാലും." നബി (സ) പറഞ്ഞു. "നീ അല്ലാഹുവിന് തഖ്‌വാ ചെയ്യുകയും ചുരം കയറുമ്പോൾ തക്ബീർ ചൊല്ലുകയും ചെയ്യുക." അങ്ങനെ അയാൾ പിന്നിട്ടുപോയപ്പോൾ അവിടന്ന് പ്രാർത്ഥിച്ചു: അല്ലാഹുവേ! ഇയാൾക്ക് വഴിദൂരത്തെ നീ ചുരുട്ടിക്കൊടുക്കേണമേ! യാത്ര എളുപ്പമാക്കിക്കൊടുക്കേണമേ.

യാത്ര പുറപ്പെടുന്നതിനുമുമ്പേ ദുആ ചെയ്യണം എന്ന പാഠം ഇതിൽ നിന്ന് നമുക്ക് ലഭിക്കുന്നു. അല്ലാഹു തആല യാത്രയിലുണ്ടാകുന്ന എല്ലാതരം ബുദ്ധിമുട്ടുകളിൽ നിന്നും വിഷമങ്ങളിൽ നിന്നും രക്ഷിക്കുമാറാകട്ടെ.

നബി (സ) യാത്ര ചെയ്യേണ്ടരീതി നമ്മെ പഠിപ്പിച്ചിരിക്കുന്നു. അതിൽ നിന്ന് ചിലത് ഞാൻ പറയാം. ദുആ ചെയ്തുകൊണ്ട് യാത്ര പുറപ്പെടണം എന്നത് മുകളിൽ പറഞ്ഞ ഹദീസിൽനിന്ന് നമുക്ക് മനസ്സിലായി. യാത്രയിൽ ചെയ്യേണ്ട ദുആയും അവിടന്ന് നമ്മെ പഠിപ്പിച്ചു. യാത്ര പുറപ്പെടുന്നതിനുമുമ്പേ, യാത്രാവാഹനത്തിൽ ഇരുന്നുകഴിഞ്ഞാൽ, മൂന്നുപ്രാവശ്യം തക്ബീർ ചൊല്ലിക്കൊണ്ട് ഇങ്ങനെ പ്രാർത്ഥിക്കുക.

سبحان الذي سخر هذا وما كنا له مقرنين وإنا إلى ربنا لمنقلبون .
اللهم إنا نسألك في سفرنا هذا البر والتقوى ومن العمل ما ترضى اللهم هون
علينا سفرنا هذا واطو عنا بعده اللهم أنت الصاحب في السفر والخليفة في
الأهل اللهم إني أعوذ بك من وعثاء السفر وكآبة المنظر وسوء
المنقلب في المال والأهل والولد . وإذا رجع قالهن وزاد فيهن آيبون
تائبون عابدون لربنا حامدون .

ഇത് ഞങ്ങൾക്ക് കീഴ്പ്പെടുത്തിത്തന്നവൻ പരിശുദ്ധനാണ്. നമുക്ക് അതിന് കഴിവുണ്ടായിരുന്നില്ല. നിശ്ചയം നമ്മുടെ റബ്ബിങ്കലേക്ക് നമ്മൾ മടങ്ങിച്ചെല്ലുന്നതാണ്. അല്ലാഹുവേ, ഞങ്ങളുടെ ഈ യാത്ര നന്മയും ഭക്തിയും നീ തൃപ്തിപ്പെടുന്ന പ്രവൃത്തിയും നിന്നോടു ഞങ്ങൾ ആവശ്യപ്പെടുന്നു. അല്ലാഹുവേ! ഞങ്ങളുടെ ഈ യാത്ര ഞങ്ങൾക്ക് നീ എളുപ്പമാക്കിത്തരേണമേ! അതിന്റെ വിദൂരതയെ ഞങ്ങൾക്കു നീ ചുരുക്കിത്തരേണമേ! അല്ലാഹുവേ! നീയാണ് ഈ യാത്രയിൽ ഞങ്ങളുടെ കൂട്ടുകാരനും കുടുംബത്തിലെ പ്രതിനിധിയും. അല്ലാഹുവേ! ഈ യാത്രയിലെ വിഷമത്തെത്തൊട്ടും, ദുഃഖകരമായ കാഴ്ചയെത്തൊട്ടും, കുടുംബത്തിലും ധനത്തിലുമുള്ള ചീത്തയായ പരിണാമത്തെത്തൊട്ടും നിന്നോട് കാവലിനപേക്ഷിക്കുന്നു. യാത്രയിൽ നിന്ന് തിരിച്ചുവരുമ്പോൾ അവിടന്ന് ഇങ്ങനെ പറയുമായിരുന്നു: ഞങ്ങൾ പാപത്തിൽ നിന്ന് മടങ്ങിയവരും ഞങ്ങളുടെ നാഥനെ ആരാധിക്കുന്നവരും, അവനെ സ്തുതിക്കു

ന്നവരുമാണ്.

നോക്കുക, എന്തെന്തെല്ലാം കാര്യങ്ങൾ സമ്മേളിച്ചിരിക്കുന്ന പ്രാർത്ഥനയാണിത്. അക്കാലത്ത് കുതിരപ്പുറത്തുള്ളയാത്രയായിരുന്നു. അതിനെ ഇണക്കുകയും അതിന്മേൽ യാത്രക്കാർ യാത്ര ചെയ്യേണ്ട വിധം പഠിക്കുകയും ചെയ്തിരുന്നു. യാത്ര ചെയ്യാൻ അറിയുന്നവർ വാഹനത്തിനുമേൽ ഇരുന്ന് യാത്രചെയ്തിരുന്നു. യാത്രചെയ്യാൻ അറിയില്ലെങ്കിൽ ഈ മൃഗങ്ങൾ പിറകോട്ടെടുത്ത് എറിഞ്ഞുകളയും.

ഇക്കാലത്തും യാത്രാവാഹനങ്ങളുണ്ട്. അല്ലാഹു ഇത്തരം വാഹനങ്ങളുണ്ടാക്കാൻ മനുഷ്യർക്ക് ബുദ്ധി നല്കി. അതുപയോഗിക്കാനുള്ള ബുദ്ധിയും അല്ലാഹു കൊടുത്തു. ഇതിന് അല്ലാഹുവിനോട് നന്ദികാണിച്ചു കൊണ്ട് ഈ യാത്രാ വാഹനങ്ങളിൽ ഇരിക്കുക. യാത്രയിൽ പരദൂഷണവും ഏഷണിയും പറയുന്നതിനുപകരം അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ടിരിക്കുക. അവനോട് നന്മതേടിക്കൊണ്ടിരിക്കുക. അവനെ ഭയപ്പെട്ടുകൊണ്ടിരിക്കുക. യാത്ര സുഖകരമായി അവസാനിക്കുന്നതിനു വേണ്ടി അല്ലാഹുവിനോട് സഹായം തേടിക്കൊണ്ടിരിക്കുക. അല്ലാഹു തആല യാത്രയിലും നമ്മെ സംരക്ഷിക്കുന്നതിനും, എല്ലാവിധ അപകടങ്ങളിൽ നിന്നും നമ്മെ രക്ഷിക്കുന്നതിനും ദുആ ചെയ്യുക. കാരണം അല്ലാഹുവിന്റെ ഫള്ലുണ്ടെങ്കിൽ മാത്രമെ മനുഷ്യന് സുരക്ഷിതനായിരിക്കാൻ പറ്റുകയുള്ളൂ. എത്ര വലിയ സജ്ജീകരണങ്ങളോടുകൂടിയ വാഹനമാണെങ്കിലും അതിൽ വിശ്വാസമർപ്പിക്കാൻ പാടുള്ളതല്ല. ഒരു നട്ട് അല്പമൊന്നു അയഞ്ഞാൽ, സൈഡിൽ നില്ക്കുന്നവന്റെ കാലൊന്നു ഇടറിയാൽ, എതിരെ വരുന്ന വണ്ടിക്കാരന് തെറ്റു സംഭവിച്ചാൽ അപകടം പെട്ടെന്നുണ്ടാകും. അതുകൊണ്ട് സത്യവിശ്വാസിയുടെ ഒരു ചുവടും അല്ലാഹുവിന്റെ സഹായമില്ലാതെ ഉയരുകയില്ല. ഒരു നിമിഷവും അവന്റെ ഫള്ലില്ലാതെ കഴിഞ്ഞുപോകുകയില്ല. യാത്ര പോകുമ്പോൾ വീട്ടിലുള്ളവർക്കുവേണ്ടിയും ദുആ ചെയ്യേണ്ടതാണ്; വീട്ടിലെ സൗകര്യങ്ങളും സാധനസാമഗ്രികളുമെല്ലാം നല്ലതായിരിക്കാൻ ദുആ ചെയ്യേണ്ടതാണ്. ഇവിടത്തെ വീടുകളിൽ അധികവും തടി ഉപയോഗിച്ചുകൊണ്ടുള്ളതാണ്. പല സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. വീട്ടുകാർ എവിടെയെങ്കിലും പോയിട്ടുണ്ടാകും. വൈദ്യുതിയുടെ ക്രമനില തെറ്റുന്ന കാരണത്താൽ തീപിടിത്തമുണ്ടായി എല്ലാം നശിക്കുന്നു. വീട്ടിൽ വരുമ്പോൾ ചാരത്തിന്റെ കൂമ്പാരമാണ് കാണുന്നത്. അതുകൊണ്ട് എപ്പോഴും വീട്ടിലുള്ളവർക്കുവേണ്ടിയും ദുആ ചെയ്യേണ്ടതാണ്. സത്യവിശ്വാസിയുടെ ഒരു നിമിഷം പോലും അല്ലാഹുവിനോട് സഹായം തേടാതെ കഴിഞ്ഞുപോകുകയില്ല. മനുഷ്യനെ മോശമായി ബാധിക്കുന്ന ചിലകാഴ്ചകളും വഴിയിലുണ്ടാകാറുണ്ട്. എന്തെങ്കിലും അപകടം കണ്ടാൽ മനസ്സിനതൊരു ഭാരവും വിഷമവുമായിത്തീരുന്നു നബി (സ) എപ്പോഴും ദുആ ചെയ്യുമായിരുന്നു. യാത്രയിലായിരിക്കുമ്പോൾ ദുആ ചെയ്തുകൊണ്ടിരിക്കാനും യാത്രചെയ്ത് മടങ്ങിവന്നാൽ അല്ലാഹുവിന് നന്ദി രേഖപ്പെടുത്താനും നബി (സ) നമ്മോടു കല്പിക്കുകയും ചെയ്തു. പശ്ചാത്തപിച്ചുകൊണ്ട് വീട്ടിൽ പ്രവേശിക്കുക. അല്ലാഹുവിനെ ആരാധിക്കുന്നതിലേക്ക് ശ്രദ്ധിക്കുക; എപ്പോഴും അവന്റെ ഫള്ലുണ്ടാകുന്നതിനുവേണ്ടി.

ഹസറത്ത് അബൂസഈദ് (റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു: മൂന്നാളുകൾ കൂടി ഒരുയാത്ര പുറപ്പെട്ടാൽ അവരിൽ നിന്ന് ഒരാളെ അമീറായി നിശ്ചയിക്കണം.

സംഘംചേർന്ന് പുറപ്പെടുമ്പോൾ അവർ തങ്ങളുടെ അമീറിനെ നിശ്ചയിക്കേണ്ടതാണ്. അമീറിനെ നിശ്ചയിച്ചുകഴിഞ്ഞാൽ നിങ്ങൾക്ക് അദ്ദേഹത്തോട് അഭിപ്രായം പറയാം. പക്ഷെ, അദ്ദേഹം പറയുന്ന കാര്യങ്ങൾ ശരീഅത്തിനു വിരുദ്ധമല്ലെങ്കിൽ നിങ്ങൾക്ക് നിർബന്ധമായും അംഗീകരിക്കേണ്ടിവരും. യാത്രയിൽ അമീറിനെ നിശ്ചയിക്കുക എന്ന കല്പന നബി (സ) നൽകിയിട്ടുണ്ടെന്നുള്ള റൂഹ് കുട്ടികളിൽ ഉണ്ടാക്കാൻ, കുട്ടികളോടൊത്തു യാത്ര ചെയ്യുമ്പോൾ നിങ്ങളുടെ കുടുംബ ത്തിലെ മുതിർന്നയാളെ അമീറായി നിശ്ചയിക്കുക. എന്നിട്ട് കുട്ടികളോട് അദ്ദേഹമാണ് നമ്മുടെ അമീറെന്ന് പറയണം. അദ്ദേഹം പറയുന്നകാര്യങ്ങൾ അനുസരിക്കണമെന്നും പറഞ്ഞുകൊടുക്കണം. ഇങ്ങനെ കുട്ടികളെ പഠിപ്പിക്കുമ്പോൾ കുട്ടികൾക്ക് ചെറുപ്പം മുതലേ ജമാഅത്ത് വ്യവസ്ഥിതിയെ അനുസരിക്കേണ്ടശീലവും ഉണ്ടാകും. യാത്രയിൽ തന്നെ കുട്ടികൾക്ക് പാഠം ലഭിക്കുകയും ചെയ്യും.

കഅ്ബ്ബിൻ മാലിക് (റ) ൽ നിന്ന് നിവേദനം: നബി (സ) യാത്രയിൽ നിന്ന് തിരിച്ചുവന്നാൽ ആദ്യം പള്ളിയിൽ പോകുകയും അവിടെ രണ്ട് റക്അത്ത് നഫ്ല് നമസ്കരിക്കുകയും ചെയ്യുമായിരുന്നു.

ആ യാത്രയിൽ നിന്ന് തിരിച്ചുവരുമ്പോൾ പശ്ചാത്തപിച്ചുകൊണ്ട്, അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് അവനു നന്ദിപറഞ്ഞുകൊണ്ട്, അവനോടു ദുആ ചെയ്തുകൊണ്ട് വീട്ടിൽ പ്രവേശിക്കാൻ നബി (സ) കല്പിച്ചിരിക്കുന്നു.

ഈ ഹദീസിൽ നമുക്കൊരു മാതൃക തന്നിരിക്കുകയാണ്. അതായത് യാത്രയിൽ നിന്ന് മടങ്ങിയെത്തിയാൽ പള്ളിയിൽപോയി രണ്ടുറക്അത്ത് നഫ്ല് നമസ്കരിക്കുക. നോക്കുക ഓരോരുത്തർക്കും ആത്മപരിശോധന നടത്താവുന്നതാണ്. എന്നാൽ, നഫ്ല് അവിടെ ഇരിക്കട്ടെ! ഒരുപാടാളുകളുണ്ട് അവർയാത്രയിൽ നിന്ന് തിരിച്ചെത്തിയാലുടൻ കുട്ടികളുടെ കാര്യത്തിലും മറ്റു വീട്ടുകാര്യങ്ങളിലും മുഴുകുന്നു.

ഭൗതീകകാര്യങ്ങളിൽ ലയിക്കുന്നു. പണ്ടത്തെ യാത്രയെ അപേക്ഷിച്ച് ഇന്നത്തെ യാത്ര വളരെ എളുപ്പമാണെന്നതുശരിതന്നെ. എന്നി ട്ടും, ഫർള് നമസ്ക്കാരം പോലും ഖളായാക്കി നമസ്കരിക്കുന്നു. ഇല്ലെങ്കിൽ ക്ഷീണത്തിന്റെ പേരും പറഞ്ഞ് നമസ്കരിക്കുകയുമില്ല. ഓരോരുത്തരും ആത്മപരിശോധന നടത്തിയാൽ ഇക്കാര്യം തെളിഞ്ഞുവരുന്നതാണ്. അലസതയകറ്റാൻ അല്ലാഹുനമുക്ക് തൗഫീഖ് നൽകുമാറാകട്ടെ.

ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു: "യാത്ര ക്ലേശങ്ങളുടെ ഒരു ഭാഗമാണ്. അത് നിങ്ങളിലോ രോരുത്തർക്കും തന്റെ ഭക്ഷണം, പാനീയം, ഉറക്കം എന്നിവയെ തടുക്കും. അതുകൊണ്ട് നിങ്ങളി ലാരെങ്കിലും തന്റെയാത്രോദ്ദേശ്യം നിർവ്വഹിച്ചാൽ തന്റെ കുടുംബത്തിലേക്ക് മടങ്ങേണ്ടതാണ്."

ഇന്നും നിങ്ങൾക്കിതുകാണാവുന്നതാണ്. യാത്ര ഇന്ന് എല്ലാവിധത്തിലും എളുപ്പമായിരുന്നിട്ടും, വിമാനം, കാറ്, തീവണ്ടി തുടങ്ങിയവമുഖേന ആയിരക്കണക്കിന് മൈൽ ദൂരം ചില മണിക്കൂറുകൾകൊണ്ട് യാത്രചെയ്യുന്നു. എന്നിട്ടും ബുദ്ധിമു ട്ട് തീർച്ചയായും ഉണ്ടാകുന്നു. വീട്ടിൽ കൃത്യമായി ചെയ്യുന്ന കാര്യങ്ങൾ നടക്കാതെ പോകുന്നു. ഭക്ഷണ സമയത്തിലും, അതിഷ്ടപ്പെടുന്നതിലും വ്യത്യാസം വരുന്നു. പ്രത്യേകരീതിയിൽ ജീവിക്കുന്നവർക്ക് ബുദ്ധിമുട്ടുകൾ ഏറെയാണ്. സമയം പാലിക്കാൻ കഴിയാത്ത കാരണത്താൽ നമസ്ക്കാര മനുഷ്ഠിക്കുന്നതിൽ കൃത്യതയുണ്ടാകുന്നില്ല. ഉറങ്ങുന്നതിലും ഉണരുന്നതിലും കൃത്യത നഷ്ടപ്പെടുന്നു. കൃത്യസമയത്ത് സുബ്ഹി നമസ്കരിക്കുന്നവർക്കു പോലും, രാവിലെ ഉണരാനാകാത്ത സ്ഥിതി വിശേഷവും ഉണ്ടാകാറുണ്ട്. അങ്ങനെ നമസ്കാരം കൃത്യമായി നമസ്കരിക്കാൻ കഴിയുന്നില്ല. ഞാൻ പറഞ്ഞതുപോലെ, ചിലയാളുകൾ സംഘം ചേർന്നിരുന്ന് രാത്രിചെല്ലുന്നതുവരെ സൊറ പറയുന്നകാരണത്താൽ അവരുടെ നമസ്കാരവും ഖളാ ആയിപ്പോകുന്നു. അല്ലാഹുവിനോടുള്ള കടമ നിറവേറ്റാതെവരുമ്പോൾ, യാത്ര ശിക്ഷയുടെ ഒരു കഷണമായി മാറും.

ഹസ്റത്ത് ഖൗല ബിൻത് ഹക്കീം (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു. വല്ലവനും ഒരിടത്തിറങ്ങി. എന്നിട്ടവൻ ദുആചെയ്തു. 'അല്ലാഹുവിന്റെ പരിശുദ്ധമായ വാക്യങ്ങളുടെ പേരിൽ അവന്റെ സൃഷ്ടികളുടെ ഉപദ്രവത്തെത്തോട്ട് ഞാൻ കാവലപേക്ഷിക്കുന്നു.' നബി (സ) പറഞ്ഞവാക്കുകൾ 'അഊദു ബി കലിമാത്തില്ലാഹി ത്താമ്മാത്തിമിൻ ശർറി മാ ഖലഖ് ' എന്നതാണ്.

ആരാണോ ഇങ്ങനെ ദുആ ചെയ്യുന്നത് തൽസ്ഥാനത്തുനിന്ന് അവൻ യാത്രതിരിക്കു ന്നതുവരെ ഒന്നും അവനെ ശല്ല്യപ്പെടുത്തുകയില്ല.

സത്യോദ്ദേശത്തോടെ തഖ്വയിൽ നിന്നുകൊണ്ട്, അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റിക്കൊണ്ട്, സത്യ ഹൃദയത്തോടെ ഒരുസത്യ വിശ്വാസി ഇങ്ങനെ പ്രാർത്ഥിച്ചാൽ അല്ലാഹുവിന്റെ റസൂൽ (സ) അവന് ഉറപ്പുനൽകുന്നു, 'അവൻ എല്ലാ ശർറുകളിൽ നിന്നും സുരക്ഷിതരായിരിക്കും'. ഈ യാത്രയിലും - ഇത് നിങ്ങളുടെ അല്ലാഹുവിനുവേണ്ടി മാത്രമുള്ള യാത്രയാണ് - വരുന്ന ഓരോയാത്രയിലും ഈ പ്രാർത്ഥന ഓർമ്മവെക്കേണ്ടതാണ്. അല്ലാഹു തആലാ ഓരോരുത്തരേയും അവന്റെ കാവലിൽ വയ്ക്കുമാറാകട്ടെ. ദുആയിൽ ശക്തിചെലുത്തുക. എപ്പോഴും യാത്രയിൽ ദുആചെയ്തു കൊണ്ടിരിക്കുക. യാത്രക്കാരന്റെ ദുആയും ഒരുപാട് സ്വീകരിക്കപ്പെടുന്നു.

നബി (സ) തിരുമേനി പറഞ്ഞു: നിസ്സംശയം മൂന്ന് പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കും. മർദ്ദിതന്റെ പ്രാർത്ഥന, യാത്രക്കാരന്റെ പ്രാർത്ഥന, സന്താന ങ്ങൾക്കുവേണ്ടി പിതാവിന്റെ ദോഷപ്രാർത്ഥന.

യാത്രയിൽ ദുആ ചെയ്യാൻ പറഞ്ഞു. എന്തെന്തെല്ലാം ദുആചെയ്യണമെന്നും പറഞ്ഞു.

ഹസ്റത്ത് അബ്ദുല്ലാഹിബ്നു ഉമർ (റ) നിവേദനം ചെയ്യുന്നു. യാത്രയിൽ രാത്രിയാകുമ്പോൾ നബി (സ) പറയാറുണ്ട്: ഹേ, ഭൂമീ! എന്റെയും നിന്റെയും റബ്ബ് അല്ലാഹുവാണ്. നിന്നിലുള്ളതിന്റെ യും നിന്നിൽ സൃഷ്ടിക്കപ്പെട്ടവരുടെ ഉപദ്രവത്തെ തൊട്ടും നിന്നിൽ ഇഴഞ്ഞുനടക്കുന്ന ജന്തുക്കളുടെ ഉപദ്രവത്തെ തൊട്ടും ഞാൻ അല്ലാഹു വിനോട് കാവൽ തേടുന്നു. സിംഹം, പെരുമ്പാമ്പ്, പാമ്പ്, തേൾ, പട്ടണത്തിൽ വസിക്കുന്നത്, തിന്മ തുടങ്ങി വെക്കുന്നവനെ തൊട്ടും അവൻ തുടങ്ങിവെച്ച തിന്മയെ തൊട്ടും ഞാൻ അല്ലാഹുവിനോട് കാവലപേക്ഷിക്കുന്നു.

മനുഷ്യൻ പലസ്ഥലത്തും പോകുമ്പോൾ ഇഷ്ടപ്പെടാത്ത പലസംഭവങ്ങളും കാണാറുണ്ട്. നബി (സ) അതിൽ നിന്നെല്ലാം അല്ലാഹുവിനോട് കാവൽ തേടി. നിങ്ങൾ പാക്കിസ്ഥാനിൽ നിന്ന് ഈ രാജ്യത്തുവന്നവരാണ്. ഇവിടെ യാത്രചെയ്തുകൊണ്ടിരിക്കുന്നവരാണ്. അല്ലെങ്കിൽ ലോകത്ത് എല്ലാ അഹ്മദികളും എവിടെയെങ്കിലു മൊക്കെ യാത്രചെയ്യുമ്പോൾ ചില തിന്മകൾ ഉപദ്രവിക്കാനുണ്ടാകും. അതിൽ നിന്ന് രക്ഷപ്പെടാൻ പരിശ്രമിക്കേണ്ടതാണ്. ഒരുപാട് ഇസ്തിഗ്ഫാർ ചെയ്യേണ്ടആവശ്യമുണ്ട്. പ്രത്യേകിച്ച് ഇവിടത്തെ രാജ്യത്തിലെ സ്വതന്ത്രചുറ്റുപാടിൽ, ചില തെറ്റായ കാര്യങ്ങളുണ്ട്. അതിൽ നിന്ന് എപ്പോഴും രക്ഷപ്പെടേണ്ടതാണ്. ഈ സമൂഹത്തിന്റെ ദോഷം ഒരിക്കലും നിങ്ങളെ സ്വാധീനിക്കരുത്. എന്നാൽ

പലരേയും അത് സ്വാധീനിക്കുന്നുണ്ട്. അവസാനം പിടിച്ചതുമില്ല കടിച്ചതുമില്ല എന്ന പോലെയാകും. എതെങ്കിലും സമൂഹത്തിലെ നല്ലകാര്യം സ്വായത്തമാക്കുന്നത് നല്ലകാര്യമാണ്, എന്നല്ല അത് സത്യവിശ്വാസിയുടെ കളഞ്ഞുപോയ മുതലാണ്. എന്നാൽ ഓരോസമൂഹത്തിലേയും ദോഷങ്ങളിൽ നിന്ന് രക്ഷപ്പെടുക തന്നെവേണം. ഈ നന്മയും തിന്മയും തമ്മിലുള്ള വ്യത്യാസം നിങ്ങൾ തിരിച്ചറിയുന്നത് മതപരമായ അറിവുകൾ നിങ്ങൾക്കുണ്ടാകുമ്പോഴാണ്. അതുകൊണ്ട് മതം പഠിക്കുന്നതിലേക്കും ഒരുപാട് ശ്രദ്ധിക്കേണ്ടതാണ്.

ഹസ്റത്ത് ജാബിർബിൻ അബ്ദുല്ലാഹ് (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: "യാത്രോദ്ദേശ്യത്തോടെ പുറപ്പെടുന്നതിന് സൂര്യൻ അസ്തമിക്കുന്നതുമുതൽ രാത്രിയുടെ ഇരുട്ട് അകലുന്നതുവരെ നിങ്ങളുടെ മൃഗങ്ങളെ കെട്ടഴിക്കരുത്. കാരണം രാത്രിയുടെ കൂരിരുട്ടിൽ മദ്യപാനികൾ അവയെ ബുദ്ധിമുട്ടിക്കുന്നു".

ഇതിന്റെ ഉദ്ദേശ്യം രാത്രിയിൽ യാത്ര ചെയ്യാതിരിക്കുക എന്നാണ്. ഇവിടെ യൂറോപ്പിലും മറ്റുരാഷ്ട്രങ്ങളിലും സമയം ലാഭിക്കുന്നതിനുവേണ്ടി രാത്രി യാത്രചെയ്യാറുണ്ട്. പ്രത്യേകിച്ച് ജോലികഴിഞ്ഞ് -അത് ഭൗതികപരമാവട്ടെ, അല്ലെങ്കിൽ മതപരമായ ഉദ്ദേശ്യത്തോടു കൂടിയുള്ളതാവട്ടെ - ഇജ്തിമാഇലും ജൽസയിലും പങ്കെടുക്കുന്നതിനുവേണ്ടി അത് അങ്ങേയറ്റം അത്യാവശ്യമാണെങ്കിൽതന്നെ കുറഞ്ഞത് പകൽ പൂർത്തിയാവണം. വഴി സുരക്ഷിതമാണെന്ന് അറിഞ്ഞിരിക്കുകയും വേണം. ഒരുപാട് അപകടങ്ങൾ ഉറക്കം കൊണ്ടും ക്ഷീണം കൊണ്ടും ഉണ്ടാകാറുണ്ട്. അത് നമുക്കെല്ലാവർക്കും വിഷമമുണ്ടാക്കുകയും ചെയ്യുന്നു. അതുകൊണ്ട് നമ്മുടെ മഹാനായ പ്രവാചകൻ (സ) പ്രത്യക്ഷത്തിൽ ചെറിയ ചെറിയ കാര്യങ്ങൾ പോലും നമുക്ക് ഉപദേശിച്ചുതന്നിരിക്കുന്നു. അതിനെ തീർച്ചയായും മുന്നിൽ കാണേണ്ടതാണ്. അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയും വേണം.

ഹസ്റത്ത് സഖ്റ് (റ) ൽ നിന്ന് നിവേദനം. റസൂൽ (സ) പ്രാർത്ഥിച്ചു: "അല്ലാഹുവേ എന്റെ ജനതക്ക് അവരുടെ പ്രഭാതത്തിൽ ബർക്കത്തു നൽകേണമേ! ഒരു സൈന്യത്തെ അവിടന്ന് അയക്കുമ്പോൾ പകലിന്റെ ആദ്യസമയത്താണ് അയക്കാറ്പതിവ്. 'സഖ്റ്' ഒരു കച്ചവടക്കാര നായിരുന്നു. പകലിന്റെ ആദ്യത്തിലാണ് അദ്ദേഹത്തിന്റെ ചരക്ക് അയക്കാറ്. അങ്ങനെ അദ്ദേഹം വളരെ വലിയ സമ്പന്നനായി മാറി".

തൊഴിൽപരമായി യാത്ര ചെയ്യുന്നവർ രാവിലെ യാത്ര ചെയ്യേണ്ടതാണ്. എതുയാത്ര യാണെങ്കിലും നേരത്തെ ഇറങ്ങി പുറപ്പെടേണ്ടതാണ്. കാരണം രാവിലെയാത്ര ആരംഭിക്കുന്നതിൽ ഒരുപാട് ബർക്കത്തുണ്ട്. അവർ നബി (സ) തിരുമേനി തന്റെ ഉമ്മത്തിനുവേണ്ടി ചെയ്ത ആ പ്രാർത്ഥനയ്ക്കർഹരായി തീരുന്നു. എന്നാൽ എപ്പോഴും മുന്നിൽ കാണേണ്ട ഒരുകാര്യമുണ്ട്; ബർക്കത്തുകൾ അല്ലാഹുവിന്റെ ഫള്ലുകൊണ്ടു മാത്രമേ കിട്ടുകയുള്ളു. യാത്ര ആരംഭിക്കുമ്പോഴും യാത്ര ചെയ്തുകൊണ്ടിരിക്കു മ്പോഴും യാത്ര തിരിക്കുമ്പോഴും അല്ലാഹുവിലുള്ള ഭയവും അവനുവേണ്ടിയുള്ള ആരാധനയും ഒന്നാമത്തെ സ്ഥാനത്താണുള്ളത്. ആ വിചാരത്തോടെ തൊഴിൽ പരമായ നിങ്ങളുടെ യാത്ര ആരംഭിക്കുമ്പോൾ മുമ്പത്തേക്കാൾ ബർക്കത്ത് കി ട്ടിത്തുടങ്ങും.

ഒരുപാടാളുകളുണ്ട്. അവർ ജോലിക്കു പോകുന്നു. അല്ലെങ്കിൽ കച്ചവടത്തിനുപോകുന്നു. അവർ മുടങ്ങാതെ നിത്യവും സുബ്ഹി നമസ്ക്കാര ത്തിന് എഴുന്നേൽക്കുകയും ചെയ്യും. എന്നാൽ നമസ്കാരത്തിന് അല്പം മിനിറ്റുകൾക്കുമുമ്പേ അവർ വീട്ടിൽ നിന്നിറങ്ങും. വണ്ടിയോടിച്ചുകൊണ്ട് അശ്രദ്ധരായി നമസ്കരിക്കും. ചിലയാളുകൾ നമസ്കരിക്കാറുമില്ല. തികച്ചും തെറ്റായ പ്രവണത യാണിത്. ഒന്നുകിൽ വീട്ടിൽ നിന്ന് നമസ്കരിച്ച് ദുആചെയ്തുകൊണ്ട് യാത്ര ആരംഭിക്കുക. അല്ലെങ്കിൽ വഴിയിൽ വണ്ടി നിറുത്തി നമസ്കരി ക്കുക. എന്നാൽ, നമസ്കാരത്തെ നമസ്കാരമെന്ന നിലയിൽ മനസ്സിലാക്കി നമസ്കരിക്കേണ്ടതാണ്; അല്ലാതെ എങ്ങനെയെ ങ്കിലും ഒഴിവാക്കാൻ വേണ്ടിയാകരുത്; അല്ലെങ്കിൽ എങ്ങനെയെങ്കിലും കടമ നിറവേറ്റിയേക്കാം എന്നനിലയിലുമാകരുത്. കോഴി ധാന്യ മണികൾ കൊത്തിപ്പെറുക്കി യെടുക്കുന്നതുപോലെ നിങ്ങൾ നമസ്കരിക്കരു തെന്ന് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറ ഞ്ഞി ട്ടുണ്ട് ഹസ്റത്ത് മസീഹ് മൗഊദ് (അ) തന്റെ യാത്ര യിൽ എങ്ങനെയായിരുന്നെന്ന് നമുക്ക് നോക്കാം.

ഹസ്റത്ത് ശെയ്ഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനീ (റ) എഴുതുന്നു. ദൈവ നിയോഗിതനാ കുന്നതിനുമുമ്പേ ഹസ്റത്ത് മീർസാഗുലാം മുർത്തളാസാഹിബിനെ പിൻപറ്റിക്കൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ് (അ) ചെയ്ത യാത്രയിലെ പതിവ് ശീലങ്ങൾ വളരെ ഹ്രസ്വമായിരുന്നു. പ്രത്യേകിച്ചൊ ന്നും എടുത്തിരുന്നില്ല. ധരിച്ചവസ്ത്രം മാത്രമേ ഉണ്ടായിരുന്നുള്ളു. ഒരു ചെറിയ ബിസ്തറും ഒരു മൊന്തയും ഒരു ഗ്ലാസും എടുക്കാറുണ്ടായിരുന്നു. ദൈവനിയോഗിതനായതിനു ശേഷമുള്ള യാത്ര മറ്റൊന്നായിരുന്നു. യാത്രയിൽ ഒരുപാടാളുകൾ ഹസ്റത്ത് മസീഹ് മൗഊദിന്റെ കൂടെയുണ്ടാ കുമായിരുന്നു. അതുകൊണ്ട് ഒരുപാട് മെഴുകു തിരിയും വിവിധതരത്തിലുള്ള അത്യാവശ്യ സാധനങ്ങളും മരുന്നുകളുമെല്ലാം എടുക്കുക അവിടത്തെ പതിവായിരുന്നു; എന്തെങ്കിലും ആവശ്യം വന്നാൽ അന്വേഷിച്ചു നടക്കാനിടയാകരുത് എന്ന നിലയിലായിരുന്നു അത്. അക്കാലത്ത്

ഇന്നത്തെപ്പോലെ മഷിഒഴിച്ചെഴുതുന്ന പേനയുണ്ടായിരുന്നില്ല. അതുകൊണ്ട് ഖലം, കടലാസ്, മഷി തുടങ്ങിയവയും കൂടെ കൊണ്ടുപോകുമായിരുന്നു. ദീർഘയാത്രയിൽ ഹസ്റത്ത് ഉമ്മുൽ മുഅ്മിനീനെയും കു ട്ടികളേയും കൊണ്ടുപോയിരുന്നു. കുതിരവണ്ടിയിലും തീവണ്ടിയിലും അദ്ദേഹം യാത്രചെയ്തിരുന്നു. തീവണ്ടിയിൽ സെക്കന്റ് ക്ലാസിലും തേഡ് ക്ലാസിലും യാത്രചെയ്തിരുന്നു. എന്നാൽ പ്രത്യേകതയൊന്നും കല്പിച്ചിരുന്നില്ല. പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യത്തിനുവേണ്ടിയാണ് ഇതിൽ യാത്ര ചെയ്തിരുന്നത്.

പൊതുവേ, അതിരാവിലെയാണ് യാത്ര പുറപ്പെട്ടിരുന്നത്; ആ ഹദീസിന്റെ വെളിച്ചത്തിൽ തീവണ്ടിയുടെ സമയത്തിനനുസരിച്ച് ഉച്ചകഴി ഞ്ഞും യാത്ര പുറപ്പെട്ടിരുന്നു. രാത്രിയുടെ ആദ്യഭാഗത്ത് യാത്ര പുറപ്പെടുന്നത് അവിടന്ന് ഇഷ്ടപ്പെ ട്ടിരുന്നില്ല. അല്പം വിശ്രമിച്ച് പിന്നീട് യാത്ര തുടങ്ങണമെന്നാണ് അവിടന്ന് പറഞ്ഞിരുന്നത്; ഉറക്കം പൂർത്തിയാക്കി യാത്ര തുടങ്ങണം. രാത്രിയുടെ ആദ്യഭാഗത്ത് അവിടന്ന് യാത്ര തുടങ്ങിയതായി എങ്ങും രേഖപ്പെടുത്തിക്കാണുന്നില്ല. രാത്രിയുടെ ആദ്യ ഭാഗത്ത് യാത്ര പുറപ്പെട്ടിരുന്നില്ല എന്നാണ് ഞാൻ പറഞ്ഞതിന്റെ ഉദ്ദേശ്യം. തീവണ്ടിയാത്രയിലും ഇക്കാര്യം ഗൗനിച്ചിരുന്നു.

ഹസ്റത്ത് അബൂ ഉമാമ (റ) നിവേദനം ചെയ്യുന്നു. ഒരാൾ നബി (സ) യോടു പറഞ്ഞു: യാ റസൂലില്ലാഹ്! എനിക്ക് നടക്കാനും സഞ്ചരിക്കാനും അനുവാദം തന്നാലും. അവിടന്ന് പറഞ്ഞു: എന്റെ ഉമ്മത്തിന്റെ നടത്തവും സഞ്ചാരവും അല്ലാഹുവിന്റെ വഴിയിൽ ജിഹാദാണ്.

ഈ ഹദീസിൽ നമ്മോടു നിർദ്ദേശിച്ചിട്ടുള്ളത്, ഏതു യാത്രയാണെങ്കിലും ഒരു കാര്യം ഓർക്കേ ണ്ടതാണ്. ഈ യാത്ര അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടിയായിരിക്കണം. നടക്കാൻ പോകുമ്പോൾ അല്ലാഹുവിന്റെ സൃഷ്ടിപ്പിൽ ചിന്തിച്ചുകൊണ്ടിരിക്കുക. അവന്റെ സൃഷ്ടികളെ ക്കുറിച്ച് ചിന്തിക്കുകയും, വിവിധ കാഴ്ചകൾ കണ്ട് ചിന്തിക്കുകയും ചെയ്യുക. ഈ യാത്ര അല്ലാഹുവിന്റെ കല്പനകൾ പാലിച്ചുകൊണ്ടാ യിരിക്കണം. അവനിലേക്ക് കൊണ്ടുപോകു ന്നതാകണം. ജിഹാദ് എന്നുപറഞ്ഞാൽ വാളെടുത്തു കൊണ്ടുള്ളതു മാത്രമല്ല അല്ലാഹുവിന്റെ സന്ദേശം ജനങ്ങളിലേക്ക് എത്തിക്കുന്നതും ജിഹാദാണ്. നിങ്ങളുടെ യാത്രയിൽ നിങ്ങളുടെ ശരീരേച്ഛയ്ക്കെ തിരിലും ജിഹാദുചെയ്യണം. അത്തരം സന്ദർഭങ്ങളു ണ്ടായാൽ സ്വയം തഖ്‌വയിൽ നിലകൊള്ളണം. അല്ലാഹുവിൽ നിന്ന് അകറ്റിക്കൊണ്ടുപോകുന്ന ഒന്നും നിങ്ങളിൽ നിന്നുണ്ടാകാൻ പാടില്ല. യാത്രയിൽ ഉയരുന്ന നിങ്ങളുടെ ഓരോ ചുവടും നിങ്ങളുടെയുള്ളിൽ ഒരു പരിശുദ്ധമാറ്റം ഉണ്ടാക്കു ന്നതായിരിക്കണം.

ഇക്കാലത്ത് ഹസ്റത്ത് മസീഹ് മൗഊദ് (അ) വിശ്വസിക്കുന്നവരുടെ എറ്റവും വലിയ ജിഹാദ് ദഅ് വത്തെ ഇലല്ലാഹ് ആണ്; ഇസ്ലാമികാധ്യാപനങ്ങളെ ലോകത്തു പരത്തുകയാണ്. ഇതിനുവേണ്ടി നിങ്ങളുടെ യാത്രയിൽ തബ്‌ലീഗിനുള്ള അവസരം ഒരുക്കേണ്ടതാണ്. ജോലിക്ക്പോകുമ്പോൾ നിങ്ങളുടെ പെരുമാറ്റംകണ്ട് ജനങ്ങളുടെ ശ്രദ്ധ നിങ്ങളിലേക്ക് തിരിയേണ്ടതാണ്. നിങ്ങളിൽ പരിശുദ്ധമായ ഒരു ആത്മാവ് ജനങ്ങൾക്കു കാണും വിധം നിങ്ങൾ നിങ്ങളിൽ മാറ്റം വരുത്തുക. അതുകണ്ടിട്ട് ജനങ്ങൾ സ്വയം നിങ്ങളുടെ മതത്തിലേക്ക് ആകർഷിക്കപ്പെടണം. ഇസ് ലാമി ലേക്ക് ആകർഷിക്കപ്പെടണം. മതപരമായ സമ്മേളനങ്ങൾക്കായി ട്ടാണ് യാത്ര ചെയ്യുന്നതെ ങ്കിൽ, ആയാത്രയിലും ഓരോ അഹ്മദിയിലും ഒരു വിപ്ളവം ഉണ്ടാകണം; അതായത് സമ്മേളനങ്ങളിൽ പങ്കെടുത്തതിനുശേഷം. ആദ്യത്തേക്കാൾ ഉപരി തഖ്‌വയുടെനില നിലനിൽക്കണം. ആത്മീയമായ ഇജ്തിമാകളിൽ പങ്കെടുക്കുന്നതിന് ഒരു പ്രത്യേക ആവേശം ഉണ്ടായിരിക്കേണ്ടതാണ്. ഇതാണ് ജിഹാദ്. ഈ ജൽസയിൽ വന്നുചേരുന്ന ഓരോ അഹ്മദിയും ഈ വികാരത്തോടെ ഇതിൽ പങ്കെടുക്കുന്ന വരാകട്ടെ. ഈ ജൽസ ഓരോ അഹ്മദിക്കും അളവറ്റ കാരുണ്യവും അനുഗ്രഹവും കൊണ്ടുവരുമാറാകട്ടെ. ഓരോ അഹ്മദിയിലും മറ്റുള്ളവർക്ക് കാണാൻ കഴിയും വിധം വലിയൊരു മാറ്റം ഉണ്ടാകുമാറാകട്ടെ. അല്ലാഹു അങ്ങനെ തന്നെ ആക്കുമാറാകട്ടെ.

ദുഃഖകരമായ ഒരുവാർത്തയെ കുറിച്ചാണ് ഇനി ഞാൻ പറയുന്നത്. ഹസ്റത്ത് സാഹിബ് സാദ മിർസാ മുബാറക്ക് അഹ്മദ് സാഹിബ് ജൂൺ 21 ന് ഇഹലോകവാസം വെടിഞ്ഞു. ഇന്നാലില്ലാഹി വഇന്നാഇലയ്ഹി റാജിഊൻ. 90 വയസായിരുന്നു പ്രായം ദീർഘകാലമായി സുഖമില്ലാതിരിക്കുക യായിരുന്നു. 1914 ൽ ആയിരുന്നു ജനനം. ഖലീഫത്തുൽ സാനി (റ) ന്റെ രണ്ടാമത്തെ മകനായിരുന്നു. മുസ്‌ലിഹ് മൗഊദ് ഖലീഫത്തുൽ മസീഹ് സാനിയുടെ കൂടെ ഒരുപാട് യാത്ര ചെയ്തിട്ടുണ്ട്. മൗലവി ഫാസിൽ പരീക്ഷയും സർവ്വകലാശാലാ ബിരുദവും നേടിയതിനുശേഷം തന്റെ ജീവിതം മതപ്രവർത്തനത്തിനായി അദ്ദേഹം വഖ്ഫ് ചെയ്തു. തഹ്‌രീകെ ജദീദിൽ ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) അദ്ദേഹത്തെ നിയമിച്ചു. ദീർഘകാലം ജമാഅത്തിനു സേവനം ചെയ്യാൻ അദ്ദേഹത്തിനു ഭാഗ്യം കിട്ടി. വക്കീൽ സൻഅതോ സിറാഅത്ത് വക്കീലുതബ്ശീർ, തഹ്‌രീഖെ ജദീദിന്റെ വക്കീലുൽ അഅ്‌ലാ, സദർ മജ്‌ലിസ് അൻസാറുള്ളാ മർക്കസിയ്യ, നാലാം ഖിലാഫത്തുകാലത്ത് സദ്ർ മജ്‌ലിസ് തഹ്‌രീകെ ജദീദ് തുടങ്ങിയ സ്ഥാനങ്ങൾ

വഹിക്കാൻ അദ്ദേഹത്തിന് ഭാഗ്യം കിട്ടിയിരുന്നു.

ജുമുഅ നമസ്കാരത്തിനു ശേഷം അദ്ദേഹത്തിന്റെ ജനാസ നമസ്കാരം ഗായിബ് നമസ്കരിക്കുന്നതാണ്. അദ്ദേഹത്തിന്റെ മഗ്ഫിറത്തിനുവേണ്ടിയും പദവികളുടെ ഉയർച്ചയ്ക്കും വേണ്ടി ദുആ ചെയ്യുക. രണ്ടു ആ ൺമക്കളുണ്ട് അദ്ദേഹത്തിന്. ഒരുമകൾ ഇവിടെ കാനഡയിൽ താമസിക്കുന്നു. അമത്തുൽ ബാഖി ആയിശ. സഫർ നസീർ സാഹിബാണ് ഭർത്താവ്. മിർസാ മജീദ് അഹ്മദ് സാഹിബ്, ഡോക്ടർ മിർസാ ഖാലിദ് തസ്ലീം സാഹിബ് എന്നിവരാണ് ആൺമക്കൾ. ഡോക്ടർ മിർസാ ഖാലിദ് തസ്ലീം സാഹിബ് ഇപ്പോൾ റബ്വയിലാണുള്ളത്. റബ്വാവാസികൾക്ക് അദ്ദേഹം വലിയ സേവനം ചെയ്തുവരുന്നു. അല്ലാഹു തആലാ അദ്ദേഹത്തിനും പ്രതിഫലം നൽകുമാറാകട്ടെ. ഇവർക്കെല്ലാം സഹനം പ്രദാനം ചെയ്യുമാറാകട്ടെ. മിയാമുബാറക്ക് സാഹിബ് എന്റെ മാതുലനുമായിരുന്നു.

---

വിവർത്തനം : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ

JUMUA KHUTHUBA
HADHRAT MIRZA MASROOR AHMAD
KHALIFATHUL MASIH - V
on 25 - 06 - 2004 at
Baithul Islam Masjid
Ontariyo, Canada.

## അറിയിപ്പ്

2004 വർഷത്തിൽ S.S.L.C, 7-ാം ക്ലാസ് പരീക്ഷയിൽ 80 ശതമാനം മാർക്ക് കര്സ്ഥമാക്കിയ കുട്ടികളുടെ ലിസ്റ്റ് നാസിർ സാഹിബ് തഅ്ലീമിന് അയച്ച് കൊടുത്തിരുന്നു. 7-ാം ക്ലാസിലെ മാർക്ക് അല്ല. 8-ാം ക്ലാസിലെയും 10-ാം ക്ലാസിലെയും 80 ശതമാനമോ അതിൽ കൂടുതലോ മാർക്ക് ഉള്ളവർക്ക് മാത്രമാണ് സ്റ്റൈപന്റ് കിട്ടുകയുള്ളൂ എന്ന് നാസിർ സാഹിബ് തഅ്ലീം അമീർ സാഹിബിന് വിവരം അറിയിച്ചിരിക്കുന്നു.

Page Layout & Type Set : Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**